സ്വീകരിക്കുന്നുണ്ട്, കൂടാതെ മ്യൂച്ചൽ ബനിഫിറ്റ് ഫണ്ട് മുതലായ നിക്ഷേപ പദ്ധതിയും സ്വർണ്ണപ്പണയ വായ്പ പദ്ധതിയും സഹകരണ സംഘം രജിസ്ട്രാറുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കി പ്രവർത്തനം മെച്ചപ്പെടുത്തി നഷ്ടം നികത്തുക. ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ പ്രൈമറി ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സർക്കാർ ഓഹരി മൂലധനവും അനുവദിച്ച് നല്കുക എന്നീ നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

നിലവിലിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

146 [3036] ശ്രീ. ടി. വി. ചന്ദ്രമോഹൻ :
,, കെ. അച്ചുതൻ :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. പി. ജെ. ജോയി :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിലവിലിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സ്വീകരിച്ച വായ്പക്കാർക്ക് എത്ര തുകയുടെ ലാഭമുണ്ടായി;

(ബി) ഓരോ അഞ്ചു വർഷം കൂടുമ്പോഴും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഒരു നിശ്ചിത കാലത്തേക്ക് നടപ്പാക്കാൻ ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സ്വീകരിച്ച വായ്പക്കാർക്ക് 30-11-2004 വരെ പിഴപ്പലിശ ഇനത്തിൽ 70.00 ലക്ഷം രൂപയുടെയും പലിശ വ്യത്യാസം ഇനത്തിൽ 71.25 ലക്ഷം രൂപയുടെയും മറ്റിനത്തിൽ 1.84 ലക്ഷം രൂപയുടെയും (ആകെ 143.09 ലക്ഷം രൂപ) ഇളവ് അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

മദ്ധ്യകാല വായ്പകളാക്കി മാറ്റിയ ഹ്രസ്വകാല വായ്പകൾ

147 [3037] ശ്രീ. എ. സുജനപാൽ :
പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടിന്റെ ഫലമായി 2004-ൽ സഹകരണ സംഘങ്ങൾ വഴിയുള്ള എത്ര ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളാക്കി മാറ്റി;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly